ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലേയും ഒഴിവുകൾ നികത്തുന്നതിനാവശ്യമായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പി. എസ്. സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി. എസ്. സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകളിലേക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നുണ്ട്. ഈ ജില്ലയിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ 103 ചെറുതും വലുതുമായ ശുദ്ധജലവിതരണ പദ്ധതികളാണ് നിലവിലുള്ളത്. ഇവ മുഖാന്തിരം ജില്ലയിലെ 3.27 ലക്ഷത്തോളം പേർക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്. 11 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. 7 എണ്ണത്തിന് പുതുതായി അനുവാദം നൽകിയിട്ടുണ്ട്. കാസർകോട് ജില്ലയിൽ ഇപ്പോൾ 40 കോടിരൂപയുടെ രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ സ്കീം നടപ്പിലാക്കുന്നുണ്ട്. കാസർകോട് ജില്ലയിലെ ജനങ്ങൾക്ക് അതൊരു വലിയ ആശ്വാസമാണ്. ജനങ്ങളുടെ സപ്പോർട്ടോടുകൂടിയുള്ള ഒരു പുതിയ സ്കീമാണ്. മുളിയാർ പഞ്ചായത്തിലെ ബാവിക്കര റെഗുലേറ്റർ നിർമ്മിക്കുന്നതിലേക്കായി ഒരു പദ്ധതി ജലസേചന വകുപ്പിന്റെ പരിഗണനയിലുണ്ട്. നദിയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് പുറമെ സ്ഥലവാസികൾക്ക് ജലസേചനത്തിനും കുടിവെള്ളത്തിനും പ്രയോജനപ്പെടുന്നതാണ് ഈ പദ്ധതി. അതിനാൽ ഇതിന്റെ പണി ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് 1995-ൽ 127 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതി റഗുലേറ്ററിനു വേണ്ടി മാത്രമായതിനാൽ, റഗുലേറ്റർ-കം-ബ്രിഡ്ജ് ആയി പണിയുന്നതിനുവേണ്ടി 178 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. 1999-ലെ പുതുക്കിയ ഷെഡ്യൂൾ നിരക്കനുസരിച്ച് ഇതിന്റെ എസ്റ്റിമേറ്റ് തുക 258 ലക്ഷം രൂപയാണ്. ഇതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകേണ്ടതുണ്ട്. ബഡ്ജറ്റിലെ വിഹിതത്തോടു കൂടി പദ്ധതി നടപ്പാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(16) പെരിയാർവാലി പദ്ധതിയിൽനിന്ന് കനാലുകളിൽ വെള്ളം എത്തിക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിൽ നിന്നുള്ള വെള്ളമാണ് എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളത്തിനും മറ്റുരണ്ടു പഞ്ചായത്തുകളുടെ കൃഷിക്കും ഉപയോഗിക്കുന്നത്. നാളുകളായി ഒരു തുള്ളിവെള്ളം പോലും ഈ കനാലുകളിലൂടെ വരുന്നില്ല. പെരിയാർവാലി കനാലിൽ നിന്നും വെള്ളം എത്തുന്ന പെരുംപാവൂർ നിയോജകമണ്ഡലത്തിനും ബഹുമാനപ്പെട്ട ശ്രീ. പി. പി. തങ്കച്ചന്റെ കുന്നത്തുനാട് നിയോജകമണ്ഡലത്തിനും ശ്രീ. എം. പി. വർഗീസിന്റെ മണ്ഡലത്തിനും, ശ്രീ. ടി. എം. ജേക്കബിന്റെ പിറവം നിയോജകമണ്ഡലത്തിനും വേണ്ടിയാണ് ഞാൻ പറയുന്നത്. നിരന്തരമായി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് ഓഫീസിനുമുന്നിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സമരം നടക്കുകയാണ്. ഇന്നലെ എന്റെ നിയോജകമണ്ഡലത്തിലെ കൃഷിക്കാരും ബഹുജനങ്ങളും ഒരുമിച്ച് പെരിയാർവാലി ഓഫീസ് ഉപരോധിച്ചു. ശ്രീ. എം. പി. വർഗീസിന്റെ നേതൃത്വത്തിലും ശ്രീ. പി. പി. തങ്കച്ചന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിലും അവിടെ സമരം നടന്നു. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ ഒരു വശത്ത്. കനാലുകൾ നന്നാക്കുന്നില്ല എന്നുള്ള സ്ഥിതി മറ്റൊരു വശത്ത്. അവിടെ വന്ന് പരിശോധന നടത്തിയാൽ കൃഷി മുഴുവനും നശിച്ച് ഉണങ്ങിയത് കാണാം. കനാലുകളിൽ വെള്ളം ഇല്ല. ഗുരുതരമായ സ്ഥിതി വിശേഷമാണുള്ളത്. ജില്ലാ കളക്ടർ ഒരു പ്രാവശ്യം യോഗം വിളിച്ചു. യാതൊരു നടപടിയും ഉണ്ടായിട്ടില്ല. എനിക്ക് ബഹുമാന്യനായ മന്ത്രിയോടഭ്യർത്ഥിക്കാനുള്ളത് ആ പ്രദേശത്തെയാകെ നാലഞ്ച് നിയോജകമണ്ഡലങ്ങളിലെ കൃഷിക്കാർ വലിയ സമരത്തിന്റെ മാർഗത്തിലാണ്. സമരംകൊണ്ട് മാത്രം പ്രശ്നം പരിഹരിക്കാൻ ഒക്കില്ല. അടിയന്തിരമായി ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്ത് ഇറിഗേഷൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ സ്ഥലത്ത് പറഞ്ഞുവിട്ട് യുദ്ധകാലാടിസ്ഥാനത്തിൽ കനാലുകൾ മെയിന്റയിൻ ചെയ്ത് വെള്ളം കൊടുത്തില്ലെങ്കിൽ വലിയ ദുരന്തവും പ്രക്ഷോഭവും ഉണ്ടാകും. ജനങ്ങൾ തമ്മിൽ കലഹിച്ച് ഉദ്യോഗസ്ഥന്മാരെ തടഞ്ഞു വയ്ക്കുന്നതിനും മറ്റു പ്രശ്നങ്ങളിലേക്കും പോകും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഇക്കാര്യത്തിൽ സാധാരണ മറുപടി പറയുംപോലെ അല്ലെങ്കിൽ നടപടി സ്വീകരിക്കാം എന്നുള്ള മറുപടി പറയാതെ അടിയന്തിരമായി രണ്ടു ദിവസത്തിനുള്ളിൽ വെള്ളം എത്തിക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകി ആ പ്രദേശത്തെ കൃഷിക്കാരെ സഹായിക്കണം എന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള വാളകം, മുളവൂർ എന്നീ ബ്രാഞ്ചു കനാലുകളിൽ ടേൺ സിസ്റ്റം അനുസരിച്ചാണ് ഇപ്പോൾ വെള്ളം തുറന്നു വിടുന്നത്. കഴിഞ്ഞ രണ്ടുമാസമായി ഇടമലയാർ ജലവൈദ്യുതി പദ്ധതിയിൽ നിന്ന് ഭൂതത്താൻകെട്ട് ജലസംഭരണിയിൽ വേണ്ടത്ര ജലം ലഭിക്കാത്തതുകൊണ്ടും കനാലുകളിലെ ചോർച്ചമൂലവും പ്രസ്തുത കനാലുകളുടെ അവസാനഭാഗംവരെ വെള്ളം എത്തിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കഴിഞ്ഞ രണ്ടു ദിവസമായി ജലസംഭരണിയിലെ ജലനിരപ്പ് ഉയർന്നതുകൊണ്ട് കനാലുകളിൽ കൂടുതൽ വെള്ളം ലഭിക്കുന്നുണ്ട്. ഈ തോതിൽ ഇടമലയാർ ജലവൈദ്യുതി പദ്ധതിയിൽ നിന്ന് ഭൂതത്താൻകെട്ട് ബാരേജിലേക്ക് ജലം ലഭിച്ചാൽ മേൽപ്പറഞ്ഞ കനാലുകളിലൂടെ ആവശ്യമായ ജലം വാളകം, പായിപ്ര പഞ്ചായത്തുകളിലേക്ക് എത്തിക്കുവാൻ കഴിയുന്നതാണ്. അതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദേശം കൊടുക്കുന്നതാണ്.

(17) നിലമ്പൂർ നിയോജക മണ്ഡലത്തിൽ പുതുതായി രൂപീകരിച്ച ചോക്കാട്, പോത്തുകൽ എന്നീ പഞ്ചായത്തുകളിലെ വികസനപ്രവർത്തനങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ നിയോജക മണ്ഡലത്തിൽ പുതിയതായി രൂപീകരിച്ച ചോക്കാട്, പോത്തുകൽ എന്നീ പഞ്ചായത്തുകൾ നിലവിൽ വന്നിട്ട് ഒരു കൊല്ലമായി. ഇപ്പോൾ ഒരു കൊല്ലമായി ഓർഡർ വന്നിട്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പും കഴിഞ്ഞു പഞ്ചായത്ത് ബോർഡും വന്നു. പക്ഷേ ഇതുവരെ ഈ രണ്ട് പഞ്ചായത്തിനും പ്രവർത്തിക്കാനുള്ള പണം അലോട്ടു

LIBRARY ARCHIVES Kerala Legislative Assembly